# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 276 30.11.2015-ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ സുരക്ഷ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഓപ്പറേഷൻ സുരക്ഷ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (എ) ഗുണ്ടകളേയും, സാമൂഹ്യവിരുദ്ധരേയും അമർച്ച ചെയ്ത് കുറ്റകൃത്യങ്ങളിൽ ഗണ്യമായ കുറവുവരുത്തുക എന്നതാണ് ഓപ്പറേഷൻ സുരക്ഷാ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. അക്രമികളേയും, ഗുണ്ടകളേയും, സാമൂഹ്യവിരുദ്ധരേയും പൂർണ്ണമായും അമർച്ച ചെയ്ത് ജനങ്ങളുടെ സ്വൈര്യ ജീവിതം ഉറപ്പുവരുത്തുന്നതിന് 2015 ഫെബ്രുവരി മാസം 14-ാം തീയതി സംസ്ഥാനത്ത് 'ഓപ്പറേഷൻ സുരക്ഷാ' പദ്ധതിക്ക് രൂപം നൽകി. പ്രസ്തുത പദ്ധതിക്കു കീഴിൽ സ്ത്രീകൾക്കും, കുട്ടികൾക്കും നേരെ അതിക്രമം നടത്തുന്നവർ, കഞ്ചാവ്, മയക്കുമരുന്ന് കുറ്റവാളികൾ, മോഷ്ടാക്കൾ, സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിന്റെ പേരിൽ നടപടികൾ നേരിടുന്നവർ, വ്യാജമദ്യ ഉൽപാദനവും, വിപണനവും നടത്തുന്നവർ, അനുമതി കൂടാതെ സ്ഫോടക വസ്തുക്കൾ കൈവശം വയ്ക്കുന്നവർ മുതലായവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ച്, അക്രമികളെയും ഗുണ്ടാ-സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരേയും പൂർണ്ണമായും അമർച്ച ചെയ്ത് ജനങ്ങൾക്ക് സ്വൈര ജീവിതം ഉറപ്പുവരുത്തുക എന്നതാണ് ഓപ്പറേഷൻ സുരക്ഷയുടെ ലക്ഷ്യം. |
| (ബി) സംസ്ഥാനത്ത് എത്ര കേസുകൾ ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ബി) സംസ്ഥാനത്ത് ഈ പദ്ധതിപ്രകാരം കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 8371 കേസുകളിന്മേൽ ടി പദ്ധതിപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓപ്പറേഷൻ സുരക്ഷാ പദ്ധതിയിലൂടെ പലവിധ കേസുകളിൽ ഉൾപ്പെട്ട കുറ്റവാളികളെ ടി പദ്ധതിപ്രകാരം കൂടുതൽ നിരീക്ഷണം നടത്തിയും, നിയമലംഘനമുണ്ടായാൽ കർശന നടപടി സ്വീകരിച്ചും വരുന്നു. |
| (സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട തുടർ നടപടികൾ വിശദമാക്കുമോ? | (സി) സ്ഥിരം കുറ്റവാളികളെ പ്രത്യേകം നിരീക്ഷിക്കുന്നു. സ്ഥിരം കുറ്റവാളികൾ, മയക്കുമരുന്ന് ഉപയോഗിക്കുന്നവർ, വ്യാജ മദ്യം വിപണനം ചെയ്യുവന്നവർ, അനധികൃത വെടി മരുന്ന് ഉപയോഗിക്കുന്നവർ എന്നിവരെ കണ്ടെത്തുന്നതിനു വേണ്ടി നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയുള്ള നടപടികൾ വരും ദിവസങ്ങളിൽ കൂടുതൽ കർശനമാക്കുന്നതാണ്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയുള്ള പരാതികൾ 1090 എന്ന നമ്പരിൽ വിളിച്ചോ അതാത് ജില്ലാ പോലീസ് മേധാവിമാരെയോ അറിയിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ